പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2601

21.06.2012-ലെ
മറുപടിക്ക്.

## അദ്ധ്യാപക യോഗ്യത പരീക്ഷ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. പി. ഉബൈദുള്ള | | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | അദ്ധ്യാപക യോഗ്യതാ പരീക്ഷ (ടി.ഇ.ടി) നടത്തുന്നതിന് സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | അദ്ധ്യാപക യോഗ്യതാ പരീക്ഷാ (TET)നടത്തുന്നതിന് എസ്.സി.ഇ.ആർ.റ്റി.യെ ചുമതലപ്പെടുത്തിക്കൊണ്ട് 1.3.2012ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 70/12/പൊ.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എൻ.സി.റ്റി.ഇ.യുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് പരീക്ഷ നടത്തുന്നതിന് എസ്.സി.ഇ.ആർ.റ്റിയും പരീക്ഷാ ഭവനും സംയുക്തമായി നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | അതിന്റെ ഘടനയും യോഗ്യതാ നിർണ്ണയമാനദണ്ഡവും വിശദീകരിക്കുമോ; | (ബി) | എൻ.സി.റ്റി.ഇ. മാർഗ്ഗ നിർദ്ദേശങ്ങൾസനുസരിച്ചാണ് റ്റി.ഇ.റ്റി. പരീക്ഷ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. അതിനാൽ ഘടനയും യോഗ്യതാ മാനദണ്ഡങ്ങളും എൻ.സി.റ്റി.ഇ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ചായിരിക്കും രൂപപ്പെടുത്തുന്നത്. |
| (സി) | എന്നുമുതലുള്ള നിയമനങ്ങൽക്കാണ് യോഗതാ നിർണ്ണയ പരീക്ഷ നിർബന്ധമാക്കിയിട്ടുള്ളത്; | (സി) | 2012-13 മുതലുള്ള നിയമനങ്ങൾക്ക് റ്റി.ഇ.റ്റി. ബാധകമാണ്. |

| | | |
|---|---|---|
| (ഡി) | നിലവിലുള്ള പി.എസ്.സി. അദ്ധ്യാപക നിയമന റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടവരെ ടി.ഇ.ടി. യോഗ്യതാ പരീക്ഷ പാസ്സാകുന്നതിൽ നിന്നും ഇളവ് നൽകുമോ; | (ഡി) & (ഇ)<br>2011-ലെ കേരള വിദ്യാഭ്യാസ അവകാശ ചട്ടങ്ങൾ, ചട്ടം 16 പ്രകാരം നിശ്ചയിക്കപ്പെട്ട മിനിമം യോഗ്യതയില്ലാത്ത അദ്ധ്യാപകർ ആക്ട് നിലവിൽ വന്ന് 5 വർഷത്തിനകം മിനിമം യോഗ്യത നേടിയാൽ മതിയാകും. അതിനാൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമിക്കപ്പെടുന്നവർക്ക് റ്റി.ഇ.റ്റി. പാസാകുന്നതിനു വേണ്ട സാവകാശം ലഭിക്കുന്നതാണ്. ഓരേ റാങ്ക്ലിസ്റ്റിലുള്ളവർക്ക് നിയമനത്തിനായി വ്യത്യസ്ഥ മാനദണ്ഡം പരിഗണിക്കേണ്ട സാഹചര്യമില്ല. |
| (ഇ) | ഒരോ റാങ്ക് ലിസ്റ്റുകളിലുള്ളവരെ വ്യത്യസ്ഥ മാനദണ്ഡങ്ങൾ വച്ച് നിയമനത്തിനായി പരിഗണിക്കുന്ന സാഹചര്യം ഒഴിവാക്കുമോ? | |

സെക്ഷൻ ഓഫീസർ